# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2136 — 06.10.2016 ൽ മറുപടിക്ക്

### പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റസ്റ്റ്ഹൗസുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പല റസ്റ്റ്ഹൗസുകളുടെയും പരിസരം കാട് കയറിയ അവസ്ഥയിലും, വൃത്തിഹീനവുമായതിനാൽ പലരും ഇവിടെ താമസിക്കുന്നതിന് വൈമനസ്യം കാണിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) കഴിഞ്ഞ 5 വർഷമായി പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ അനാഥമായി കിടക്കുകയായിരുന്നു. അഴിമതിയും, കെട്ടുകാര്യസ്ഥതയും കൊടികുത്തി വാണിരുന്നു. പ്രശസ്തങ്ങളായ മൂന്നാർ, ആലുവ റസ്റ്റ് ഹൗസ് എന്നിവ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകി. റസ്റ്റ് ഹൗസുകളെപ്പറ്റി വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്, ആയത് ലഭിക്കുന്ന മുറയ്ക്ക് റസ്റ്റ് ഹൗസുകൾ ആകർഷണീയമായ വാസയോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. അനാസ്ഥയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ കാര്യം പരിശോധിച്ചു വരികയാണ്. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം റസ്റ്റ് ഹൗസുകളാണ് ദീർഘനാളായി മേൽനോട്ടമില്ലാത്തതുകാരണം വൃത്തി ഹീനമായി പ്രവൃത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ; | |
| (സി) എല്ലാ റസ്റ്റ്ഹൗസുകളും വാസയോഗ്യമാക്കുന്നതിനും,ആകർഷണീയമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

(signature)

സെക്ഷൻ ഓഫീസർ